ഫത്‌വ

**ഡോ. ജാസിര്‍ ഔദ (ഈജിപ്ത്)**

# ചാട്ടയടിയുടെ ശരിതെറ്റുകള്‍

**ചോദ്യം: ഇസ്‌ലാമികനിയമപ്രകാരം വ്യഭിചാരത്തിന്റെ ശിക്ഷയായ ചാട്ടയടി പാകിസ്താനില്‍ നടപ്പാക്കിയത് മീഡിയ പ്രദര്‍ശിപ്പിക്കുകയുണ്ടായി. ഇസ്‌ലാമിലെ ശിക്ഷകള്‍ മനുഷ്യത്വവിരുദ്ധമാണെന്ന സന്ദേശമാണ് അത് ലോകത്തിന് നല്‍കിയത്. സത്യത്തില്‍ ഇസ്‌ലാമിലെ ശിക്ഷകള്‍ മനുഷ്യത്വവിരുദ്ധമാണോ?**

**മീ**ഡിയ ആവേശപൂര്‍വം കൊണ്ടാടിയ സംഭവമായിരുന്നു പാകിസ്താനിലെ ചാട്ടയടി. ഇസ്‌ലാമിന്റെ മാനുഷിക കാഴ്ചപ്പാടിനാണ് ആ സംഭവം കോട്ടമുണ്ടാക്കിയത്. തദ്വിഷയകമായി ചില വസ്തുതകള്‍ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ശിക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ഇസ്‌ലാമിക വീക്ഷണം വളരെ വ്യക്തമാണ്. ശിക്ഷ നടപ്പാക്കുമ്പോള്‍ മനുഷ്യാവകാശങ്ങള്‍ ഒരിക്കലും ധ്വംസിക്കപ്പെടരുതെന്ന മാനവിക കാഴ്ചപ്പാടാണ് ഇസ്‌ലാമിനുള്ളത്. എന്നാല്‍, ഇസ്‌ലാമിന്റെ അധ്യാപനങ്ങളും മുസ്‌ലിംകളുടെ പ്രായോഗിക ജീവിതവും തമ്മില്‍ വലിയ അന്തരമാണ് കാണുന്നത്. അതിന്റെ മികച്ച ഉദാഹരണമാണ് പാകിസ്താനില്‍ നടന്നത്.

വളരെ ശ്രദ്ധാപൂര്‍വം കൈകാര്യം ചെയ്യേണ്ടതാണ് വ്യഭിചാരം പോലുള്ളകുറ്റങ്ങളുടെ ശിക്ഷാനടപടികള്‍. നാലു പേരുടെ സാക്ഷിമൊഴികളുള്ള പരസ്യവ്യഭിചാരത്തിനു മാത്രമാണ് ഇസ്‌ലാം ശിക്ഷ വിധിക്കുന്നത്. ഇത്തരം തിന്മകള്‍ സാമൂഹിക ഭദ്രതക്ക് കോട്ടമുണ്ടാക്കുമെന്നതിനാല്‍, ആ ഭദ്രത കാത്തുസൂക്ഷിക്കാനാണ് ശിക്ഷകള്‍ നടപ്പാക്കുന്നത്. തിന്മകള്‍ വീണ്ടും സംഭവിക്കാതിരിക്കാനാണ് ശിക്ഷകള്‍. സാമൂഹികദ്രോഹികളെ പ്രതിരോധിക്കാനുള്ള അന്തിമ നടപടികളാണ് ഇസ്‌ലാമിലെ ശിക്ഷകള്‍.

ഇതു സംബന്ധമായി **ഡോ. ജാസിര്‍ ഔദ**യുടെ വിശദീകരണം:

ഇസ്‌ലാമിക ശരീഅത്തിന്റെ പര്യായപദമല്ല ഹുദൂദ് അഥവാ ശിക്ഷാ വിധികള്‍. ശരീഅത്തിന്റെ വളരെ ചെറിയ ഒരു ഭാഗം മാത്രമാണത്. പരിധികള്‍ എന്നാണ് ആ വാക്കിന്റെ അര്‍ഥം. നിശ്ചിത കുറ്റകൃത്യങ്ങള്‍ക്കുള്ള ശിക്ഷകളാണത്. എന്നാല്‍ മീഡിയയിലൂടെയും പുസ്തകങ്ങളിലൂടെയുമൊക്കെ പ്രചരിപ്പിക്കപ്പെടുന്നത് ശരീഅത്തെന്നാല്‍ ശിക്ഷാ നടപടികള്‍ തന്നെ എന്ന നിലക്കാണ്. ഇത് ഇസ്‌ലാമിനെപറ്റി തെറ്റുധാരണകള്‍ക്കും ദുര്‍വ്യാഖ്യാനങ്ങള്‍ക്കും ഇടവരുത്തിയിട്ടുണ്ട്.

ഇസ്‌ലാമിലെ താത്ത്വിക പാഠങ്ങളാണ് പല ശിക്ഷാ വിധികളും. അപൂര്‍വം സന്ദര്‍ഭങ്ങളില്‍, ആത്യന്തിക ഘട്ടങ്ങളില്‍ മാത്രമേ അവ പ്രയോഗിക്കപ്പെടുന്നുള്ളൂ. ചില മുസ്‌ലിം തീവ്രവാദികളും മുസ്‌ലിംകളല്ലാത്ത ഇസ്‌ലാം വിദ്വേഷികളും ഇക്കാര്യത്തില്‍ അമിത താല്‍പര്യമെടുക്കുന്നതാണ് പ്രശ്നം. ചില രാഷ്ട്രങ്ങളിലെ നിയമവ്യവസ്ഥകളിലും ഈ രീതിയില്‍ ശിക്ഷാവിധികള്‍ കയറിപ്പറ്റിയിട്ടുണ്ട്. ഇത് ഇസ്‌ലാമിക ശരീഅത്തിനോടുള്ള അനീതിയും അക്രമവുമാണ്. ഇങ്ങനെ അമിതമായി സാമാന്യവത്കരിക്കപ്പെടുന്നതും ദുര്‍വ്യാഖ്യാനം ചെയ്യപ്പെടുന്നതും അസ്ഥാനത്ത് പ്രയോഗിക്കപ്പെടുന്നതും വ്യഭിചാരത്തിന്റെ ശിക്ഷാ വിധിയാണെന്ന് കാണാം. സാദാ വ്യഭിചാരത്തിനല്ല ഇസ്‌ലാമിക നിയമത്തില്‍ ശിക്ഷ വ്യവസ്ഥ ചെയ്തിരിക്കുന്നത്. 'പരസ്യമായ' വ്യഭിചാരത്തിനാണ്. കാരണം നിശ്ചിത എണ്ണം ആളുകള്‍ ആ വ്യഭിചാരത്തിന് സാക്ഷികളായി ഉണ്ടാവണം.

മദ്ഹബുകളുടെ വീക്ഷണത്തില്‍, വ്യഭിചാരം ആരോപിക്കപ്പെട്ടവരില്‍ ചില ഉപാധികള്‍ ഒത്തുവന്നെങ്കില്‍ മാത്രമേ ഒരാളെ വ്യഭിചാരി എന്നോ വ്യഭിചാരിണി എന്നോ വിളിക്കാന്‍ പാടുള്ളൂ. വ്യഭിചാരം നടന്നുവെന്നതിന് നാലുപേരുടെ സാക്ഷിമൊഴികള്‍ വേണമെന്നാണ് അതിലൊന്ന്. ഉപാധികള്‍ പാലിക്കപ്പെടാതെ വ്യഭിചാരാരോപണം നടത്തിയാല്‍ ആരോപിതന്‍

ശിക്ഷക്ക് വിധേയമാകും. വിശുദ്ധ ഖുര്‍ആന്‍ പറയുന്നു: "ചാരിത്ര്യവതികളായ മാന്യവനിതകളുടെ പേരില്‍ കുറ്റമാരോപിക്കുകയും എന്നിട്ട് നാലു സാക്ഷികളെ ഹാജരാക്കാതിരിക്കുകയും ചെയ്യുന്ന ആളുകളെ എണ്‍പത് വീതം അടിക്കുക. അവരുടെ സാക്ഷ്യം ഒരിക്കലും സ്വീകരിക്കരുത്. അവര്‍ തന്നെയാകുന്നു തെമ്മാടികള്‍" (*അന്നൂര്‍* 4).

ആരോപണവിധേയമാകുന്ന സ്ത്രീക്കും പുരുഷനും ഈ സൂക്തം ബാധകമാണെന്നിരിക്കെ സ്ത്രീകള്‍ സൂക്തത്തില്‍ പ്രത്യേകം പരാമര്‍ശിക്കപ്പെട്ടിരിക്കുന്നു. നാലു സാക്ഷികളെ ഹാജരാക്കാതെ വ്യഭിചാരാരോപണത്തിന് കൂടുതല്‍ വിധേയരാവുക സ്ത്രീകളാണ് എന്നതിനാലാണിത്.

നാലു പേരുടെ സാക്ഷിമൊഴികള്‍ അല്ലാത്ത മറ്റു തെളിവുകള്‍ ശിക്ഷ നല്‍കാന്‍ പര്യാപ്തമല്ല. അത് ഡി.എന്‍.എ പരിശോധനയായാലും കാമറയില്‍ പകര്‍ത്തിയ ഫോട്ടോയായാലും വ്യഭിചാരിണിയുടെ ഗര്‍ഭമായാലും ശരി. വ്യഭിചാരം വലിയ കുറ്റമാണെന്നതില്‍ സംശയമില്ല. പരസ്യമായ വ്യഭിചാരത്തിനേ നിയമവ്യവസ്ഥയില്‍ ശിക്ഷയുള്ളൂ എന്നാണ് പറഞ്ഞുവന്നത്. തെളിവുകളില്ലെങ്കില്‍ പാപകര്‍മം ചെയ്തവന്‍ അല്ലാഹുവോട് പശ്ചാത്തപിക്കേണ്ട കുറ്റമാണത്.

വ്യഭിചാരം പരസ്യപ്പെടുത്താതിരിക്കുക, അപവാദം പ്രചരിപ്പിക്കാതിരിക്കുക തുടങ്ങിയവയാണ് അടിസ്ഥാനം. ആരൊക്കെ വ്യഭിചാരത്തിലേര്‍പ്പെടുന്നുവെന്ന് ചാരക്കണ്ണുകളോടെ നിരീക്ഷിക്കുന്നത് അധികാരികള്‍ക്ക് ഭൂഷണമല്ല. ജനങ്ങളെ ബോധവത്കരിക്കുക എന്നതാണ് അവരുടെ ചുമതല. ചുഴിഞ്ഞന്വേഷണം പാടില്ല. "വിശ്വസിച്ചവരേ, അധികം ഊഹിക്കുന്നത് വര്‍ജിക്കുക. എന്തുകൊണ്ടെന്നാല്‍ ചില ഊഹങ്ങള്‍ കുറ്റമാകുന്നു. ചുഴിഞ്ഞന്വേഷിക്കരുത്. ആരും ആരെക്കുറിച്ചും പരദൂഷണം പറയരുത്" (*അല്‍ ഹുജുറാത്ത്* 12).

ഒരാള്‍ മാത്രമേ വ്യഭിചാരത്തിന് സാക്ഷിയായി ഉള്ളൂവെങ്കില്‍ അത് പരസ്യമാക്കാനോ പ്രചരിപ്പിക്കാനോ പാടില്ല. മാഇസിന്റെ സംഭവം ഇതിനു തെളിവാണ്. മാഇസ് വ്യഭിചാരത്തിലേര്‍പ്പെട്ടത് അബ്ദുല്ലാഹിബ്നു ഉനൈസ്(റ) പ്രവാചകന്റെ മുമ്പില്‍ വിവരിച്ചു. പ്രവാചകന്റെ മറുപടി: "മാഇസിനെ വെറുതെ വിടേണ്ടതായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പാപങ്ങള്‍ പൊറുത്ത് കൊടുത്തേക്കാം." ശേഷം അബ്ദുല്ല ഹസ്സാലി(ഇദ്ദേഹത്തിന്റെ സംരക്ഷണയിലായിരുന്നു മാഇസ്)നോട്: "അല്ലയോ ഹസ്സാല്‍, ആ അനാഥബാലനോട് മോശമായാണ് താങ്കള്‍ പെരുമാറിയത്. മാഇസിന്റെ കാര്യം രഹസ്യമാക്കിയിരുന്നുവെങ്കില്‍ എത്ര നന്നായേനേ." ശേഷം മാഇസുമായി വ്യഭിചാരത്തിലേര്‍പ്പെട്ട സ്ത്രീയോട് മറ്റൊന്നും ചോദിക്കാതെ 'പോയ്കൊള്ളുക' എന്നു മാത്രം അബ്ദുല്ല പറഞ്ഞു" (*ഇബ്നു മുഅല്ലിഖീന്‍, അല്‍ബദറുല്‍ മുനീര്‍ ഫീ തഖ്‌രീജില്‍ അഹാദീസ് വല്‍ ആസാരില്‍ വാഖിഅ ഫീ ശര്‍ഹില്‍ കബീര്‍*, പ്രഥമ പതിപ്പ്, ദാറുല്‍ ഹിജ്റ റിയാദ്: 2004, 2/622).

ബുഖാരിയും മുസ്‌ലിമും പ്രസ്തുത സംഭവം ഉദ്ധരിച്ചിട്ടുണ്ട്. ഒരു ദിവസം മാഇസ്(റ) പ്രവാചകന്റെ അരികിലേക്ക് വന്നു. എന്നിട്ടു പറഞ്ഞു: "ദൈവദൂതരേ, ഞാന്‍ വ്യഭിചരിച്ചിരിക്കുന്നു. എന്നെ ശുദ്ധീകരിച്ചാലും, എന്നില്‍ ശിക്ഷ നടപ്പാക്കിയാലും." പ്രവാചകന്‍(സ) മൗനം പാലിച്ചു. പിന്നീട് പ്രവാചകനും കൂടെ മാഇസും നമസ്കരിച്ചു. നമസ്കാരശേഷം മാഇസ് പഴയ സംസാരം ആവര്‍ത്തിച്ചു. പ്രവാചകന്‍: "താങ്കള്‍ എന്നോടൊപ്പം നമസ്കരിച്ചുവല്ലോ?" മാഇസ്: "ശരിയാണ്." പ്രവാചകന്‍: "താങ്കള്‍ ചെയ്ത കുറ്റം അല്ലാഹു മാപ്പാക്കിയിരിക്കുന്നു."

ഇബ്നുല്‍ ഖയ്യിം(റ) വിശദീകരിക്കുന്നു: "പശ്ചാത്താപ വിവശനായാണ് മാഇസ് പ്രവാചകനെ സമീപിച്ചത്. മറ്റാരുടെയും പ്രേരണയാലല്ല. ആയതിനാല്‍ അല്ലാഹു അദ്ദേഹത്തിന്റെ തെറ്റ് മാപ്പാക്കിക്കൊടുത്തു. പ്രവാചകന്‍ ശിക്ഷ നടപ്പാക്കുകയും ചെയ്തില്ല" (ഇബ്നുല്‍ഖയ്യിം, *ഇഅ്‌ലാമുല്‍ മുവഖിഈന്‍ അന്‍ റബ്ബില്‍ ആലമീന്‍*, ദാറുല്‍ ഹിജ്ര്‍, ബൈറൂത്ത്: 1973, 2/98).

പരസ്യമായ വ്യഭിചാരത്തിനാണ് ശിക്ഷയുള്ളതെന്ന് പറഞ്ഞുവല്ലോ. വിശുദ്ധ ഖുര്‍ആന്‍ പറയുന്നു: "വ്യഭിചാരിണിയും വ്യഭിചാരിയും, ഇവരില്‍ ഓരോരുത്തരെയും നൂറുവീതം പ്രഹരിക്കുക. അല്ലാഹുവിന്റെ ദീനിന്റെ കാര്യത്തില്‍ അവരോടുള്ള ദാക്ഷിണ്യം നിങ്ങളെ ബാധിക്കാതിരിക്കട്ടെ; നിങ്ങള്‍ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കില്‍" (*അന്നൂര്‍* 2). എന്നാല്‍ വ്യഭിചാരത്തിന്റെ ശിക്ഷ ഒന്നില്‍ മാത്രം ചുരുക്കുന്ന സൂക്തങ്ങള്‍ കാണാനാവില്ല. വിഷയത്തെ ശരിയാംവണ്ണം ഗ്രഹിക്കാന്‍ വേറെ ചില സൂക്തങ്ങള്‍കൂടി മുന്നില്‍വെക്കേണ്ടതുണ്ട്. ഉദാഹരണമായി, *സൂറത്തുന്നിസാഇലെ* 15,16 സൂക്തങ്ങള്‍. ചാട്ടയടിയല്ലാത്ത മറ്റു രണ്ടു ശിക്ഷകളാണ് ഈ സൂക്തങ്ങള്‍ പറയുന്നത്. "നിങ്ങളുടെ സ്ത്രീകളില്‍ ദുര്‍നടപ്പുകളിലേര്‍പ്പെടുന്നവര്‍ക്കെതിരില്‍, നിങ്ങളില്‍നിന്നുള്ള നാലു പേരെ സാക്ഷികളായി കൊണ്ടുവരിക. നാലു പേര്‍ സാക്ഷ്യംവഹിച്ചുവെങ്കില്‍, ആ സ്ത്രീകളെ മരണം വരെ അല്ലെങ്കില്‍ അല്ലാഹു മറ്റുവല്ല വഴിയും നിര്‍ദേശിക്കുന്നതുവരെ വീടുകളില്‍ തടഞ്ഞുവെക്കുക." "കുറ്റത്തിലേര്‍പ്പെടുന്ന രണ്ടു പേരെയും നിങ്ങള്‍ പീഡിപ്പിക്കേണ്ടതാകുന്നു. അവര്‍ പശ്ചാത്തപിക്കുകയും സ്വയം സംസ്കരിക്കുകയും ചെയ്താല്‍ നിങ്ങള്‍ അവരെ വിട്ടയക്കണം. എന്തെന്നാല്‍ അല്ലാഹു ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കാരുണ്യമരുളുന്നവനുമാകുന്നു" (*അന്നിസാഅ്* 15,16).

ചുരുക്കത്തില്‍, വ്യഭിചാരത്തിനുള്ള ശിക്ഷകള്‍ ചാട്ടയടിയോ തടങ്കലില്‍ വെക്കലോ മറ്റെന്തെങ്കിലുമോ ആകാം. എന്നാല്‍ ചാട്ടയടി മറ്റു ശിക്ഷകളെ റദ്ദ് ചെയ്തിരിക്കുന്നുവെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. ഭേദഗതിയെ കുറിക്കുന്ന തെളിവിന്റെ അഭാവത്തില്‍ ശിക്ഷയുടെ എല്ലാ ഇനങ്ങളും നിയമാനുസൃതവും നിലനില്‍ക്കുന്നതുമാണെന്നാണ് മറ്റു ചിലരുടെ അഭിപ്രായം (റാസി, *തഫ്സീറുല്‍ കബീര്‍*). ഏറ്റവും യുക്തമായി തോന്നുന്ന അഭിപ്രായം, വ്യഭിചാരത്തിന്റെ ഏറ്റവും കൂടിയ ശിക്ഷയാണ് ചാട്ടവാറടി എന്നാണ്.

ചില രാഷ്ട്രങ്ങളില്‍ ഇസ്‌ലാമിക നിയമത്തിന്റെ പേരില്‍ വ്യഭിചാരം ആരോപിക്കപ്പെട്ടവരെ കല്ലെറിയുന്ന സമ്പ്രദായമുണ്ട്. ഈ ശിക്ഷാ സമ്പ്രദായം വിശുദ്ധ ഖുര്‍ആനിലല്ല, തോറയിലാണ് പരാമര്‍ശിച്ചിട്ടുള്ളത്. പ്രവാചകന്റെ കാലത്ത് നടന്ന കല്ലേറിയല്‍ ശിക്ഷ തോറയനുസരിച്ചാണ് നടന്നിട്ടുള്ളതും. ആ സംഭവം ഇങ്ങനെ: തങ്ങളകപ്പെട്ട വ്യഭിചാരക്കേസില്‍ വിധി തീര്‍പ്പ് നടത്തണമെന്നാവശ്യപ്പെട്ട് ചില ജൂതന്മാര്‍ പ്രവാചകനെ സമീപിച്ചു. വിധിതീര്‍പ്പ് നടത്താനും നടത്താതിരിക്കാനും പ്രവാചകന് അനുവാദമുണ്ടായിരുന്നു. തൗറാത്തനുസരിച്ച് വിധി നടത്താന്‍ (നസാഇയുടെ റിപ്പോര്‍ട്ട്) പ്രവാചകന്‍ തീരുമാനിച്ചു. ഇതിന് പ്രധാനമായും രണ്ട് കാരണങ്ങളായിരുന്നു ഉണ്ടായിരുന്നത്.

ഒന്ന്, മദീനയിലെ ചില ജൂത പുരോഹിതര്‍ തൗറാത്തിലെ കല്ലേറിയല്‍ നിയമം നിക്ഷിപ്ത താല്‍പര്യങ്ങളുടെ പേരില്‍ മറച്ചുവെച്ചിരുന്നു. അത് പുറത്തുകൊണ്ടുവരാന്‍ പ്രവാചകന്‍ തീരു

മാനിച്ചു.

രണ്ട്, ആരോപിതന്റെ സ്ഥാനമാനങ്ങൾ നോക്കി ശിക്ഷയിൽ തങ്ങൾ തിരിമറികൾ നടത്താറുണ്ടെന്ന് ജൂതപുരോഹിതർ പ്രവാചകനോട് പറഞ്ഞു. നിയമത്തിന്റെ മുമ്പിൽ എല്ലാവരും തുല്യരാണെന്ന തത്ത്വം ഉയർത്തിപ്പിടിക്കാൻ നബി ശിക്ഷ നടപ്പാക്കി. ബദ്റുദ്ദീൻ അൽഐനി പറയുന്നു: "പ്രവാചകൻ മദീനയിലെത്തി ചാട്ടയടി സൂക്തം അവതരിക്കുന്നതിനു മുമ്പ് ഉള്ളതാണ് തൗറാത്ത്പ്രകാരമുള്ള കല്ലേറിയൽ ശിക്ഷ" (ഉംദത്തുൽ ഖാരി, *ശറഹുസ്വഹീഹുൽ ബുഖാരി,* ബൈറൂത്ത്: 20/258). തദ്വിഷയകമായി അവതീർണമായതാണ് *അൽമാഇൗദ*യിലെ 42-44 സൂക്തങ്ങൾ.

വ്യഭിചാരത്തിന്റെ ശിക്ഷയെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും, ചാട്ടയടി ശിക്ഷയായി നിശ്ചയിച്ചതിലൂടെ കല്ലേറിയൽ നിയമം ഇല്ലാതായി എന്നാണ് എന്റെ പക്ഷം. എല്ലാറ്റിനുമുപരി, ജനങ്ങളുടെ പ്രയാസങ്ങൾ ലഘൂകരിക്കുകയും അവരുടെ ഭാരങ്ങൾ ഇറക്കിവെക്കുകയുമാണ് ഇസ്‌ലാമിന്റെ ലക്ഷ്യം: "തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തി കാണുന്ന നിരക്ഷരനായ പ്രവാചകനെ പിന്തുടരുന്നവരാരോ (അവരാകുന്നു ഈ അനുഗ്രഹത്തിനു അർഹരായിട്ടുള്ളവർ). അദ്ദേഹം അവർക്ക് നന്മ വിധിക്കുന്നു. തിന്മ വിലക്കുന്നു. ശുദ്ധ വസ്തുക്കൾ അനുവദിച്ചുകൊടുക്കുന്നു. അശുദ്ധ വസ്തുക്കൾ നിരോധിക്കുകയും ചെയ്യുന്നു. അവരെ ഞെരിച്ചുകൊണ്ടിരിക്കുന്ന ഭാരങ്ങൾ ഇറക്കിവെക്കുന്നു. അവരെ വരിഞ്ഞുമുറുക്കുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുന്നു" (*അൽമാഇദ* 157).

ഇന്ന് മുസ്‌ലിംനാടുകളിൽ ഏകപക്ഷീയമായാണ് ഇത്തരം ശിക്ഷകൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദുർബലരും പാവങ്ങളും ഉന്നതങ്ങളിൽ പിടിപാടില്ലാത്തവരുമൊക്കെയാണ് ശിക്ഷക്ക് വിധേയരാവുന്നത്. അവ്യക്തതയും അനിശ്ചിതാവസ്ഥയും (ശുബ്ഹാത്ത്) ഉള്ള ഈ ശിക്ഷാനടപടി ന്യായമോ നീതിയോ അല്ല. നീതിയെക്കുറിച്ച് അനിശ്ചിതത്വമുണ്ടാവുമ്പോൾ ശിക്ഷാനടപടി ഒഴിവാക്കുന്നതോ നീട്ടിവെക്കുന്നതോ ആണ് ഉചിതം. നിലവിലെ 'ഇസ്‌ലാമിക' നിയമവ്യവസ്ഥകളിലൊക്കെ ഈ അനിശ്ചിതത്വമാണ് മുഴച്ചുകാണുന്നത്. ■

(ഇസ്‌ലാം ഓൺലൈൻ നെറ്റ്)